"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസം - സർക്കാർ ടെക്നിക്കൽ ഹൈസ്ക്കൂളിലെ ശാസ്ത്ര സാങ്കേതിക മേളയുടേയും കായിക മേളയുടേയും അംഗീകൃത മാന്വലിലുള്ള ഭേദഗതികൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ് വകുപ്പ്

സ.ഉ.(സാധാ) നം.1292/2025/HEDN തീയതി,തിരുവനന്തപുരം, 29-09-2025

പരാമർശം:- 1. സ.ഉ. (സാധാ) നം. 955/2024/ഉ.വി.വ. തീയതി 30.07.2024.

2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 26.09.2025 - ലെ DTETVM/500/2025-C1 (ACA) നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം 2024-2025 അധ്യയന വർഷത്തെ സർക്കാർ ടെക്നിക്കൽ ഹൈസ്ക്കൂളിലെ ശാസ്ത്ര സാങ്കേതിക മേളയുടേയും കായിക മേളയുടേയും മാനുവൽ അംഗീകരിച്ചു ഉത്തരവായിരുന്നു. ടി അംഗീകൃത മാനുവലിൽ വരും വർഷങ്ങളിലെ മേളകളുടെ സുഗമമായ നടത്തിപ്പിന് ചില ഭേദഗതികൾ വരുത്തുന്നതിനായി പരാമർശ കത്ത് പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം സർക്കാർ ടെക്നിക്കൽ ഹൈസ്ക്കൂളിലെ ശാസ്ത്ര സാങ്കേതിക മേളയുടേയും കായിക മേളയുടേയും അംഗീകരിച്ച മാന്വലിൽ, അനുബന്ധ പ്രകാരമുള്ള ഭേദഗതികൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് എം

ജോയിന്റ് സെക്രട്ടറി

സാങ്കേതിക വിദ്യഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സീനിയർ ജോയിന്റ് ഡയറക്ടർ,(പി.എസ്.),
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്,തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ടെയിനിങ് & റിസർച്ച് (SITTTR), കളമശ്ശേരി

പ്രിൻസിപ്പൾ അക്കൗണ്ടൻ്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ& പി. ആർ.ഡി.

www.highereducation.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി **(ജെ2/264/2025/**ഉ.വി.വ.**)**

ഉത്തരവിൻ പ്രകാരം

Signed by

Shinos S

Date: 29-09-2025 17:00:28

സെക്ഷൻ ഓഫീസർ

ശാസ്ത്ര സാങ്കേതിക മേള

ഭാഗം/പാരഗ്രാഫ്	നിലവിലുള്ളത്	മാറ്റം വരുത്തേണ്ടത്
2.1 സ്കൂൾതലം: രണ്ടാമത്തെ പോയിൻറ്	സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേർസ് ട്രെയിനിംഗ് ആൻഡ് റിസർച്ച് (SITTTR)-ൻറെ നിബന്ധനകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി കാലാകാലങ്ങളിൽ നിർദ്ദേശിക്കപ്പെടുന്ന വിഷയത്തെ അടിസ്ഥാനമാക്കിയായിരിക്കും മേള നടത്തുന്നത്	സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേർസ് ട്രെയിനിംഗ് ആൻഡ് റിസർച്ച് (SITTTR)-ൻറെ നിബന്ധനകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായിയാകണം മേള സംഘടിപ്പിക്കേണ്ടത്.
5.4.2 വൈദ്യുത വയറിംഗ് (Electrical Wiring)	ആധുനിക പണിയായുധങ്ങൾ ഉപയോഗിക്കാം.	ആധുനിക പണിയായുധങ്ങൾ ഉപയോഗിക്കാം. ആധുനിക ഇലക്ട്രിക്കൽ ഉപകരണങ്ങൾ ഉപയോഗിക്കുമ്പോൾ സുരക്ഷാമാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചിരിക്കണം.
5.4.3 ലോഹത്തകിട് കൊണ്ടുള്ള പ്രവർത്തനം (Sheet Metal Work)	22 SWG/24 SWG യിലുള്ള ലോഹത്തകിട് ഉപയോഗിച്ച് നിത്യോപയോഗത്തിനുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കേണ്ടതാണ്.	24 SWG/26 SWG യിലുള്ള ജി.ഐ. ലോഹത്തകിട് (G.I.sheet with 24/26 gauge thickness) ഉപയോഗിച്ച് നിത്യോപയോഗത്തിനുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കേണ്ടതാണ്
5.4.4 മരപ്പണി Carpentry Work	ഉപയോഗിക്കാൻ കഴിയുന്ന ഏതെങ്കിലും വസ്തു നിർമ്മിക്കണം. കട്ടികൾ കൊണ്ടു വരുന്ന തടികഷ്ണങ്ങൾ ആവശ്യത്തിനനുസരിച്ച് മുറിക്കുക, ചിന്തേരിടുക, അടയാളപ്പെടുത്തുക, സുഷിരങ്ങൾ ഉണ്ടാക്കുക തുടങ്ങിയ എല്ലാ ജോലികളും മത്സരസ്ഥലത്തുവച്ച് ചെയ്യേണ്ടതാണ്.	ഉപയോഗിക്കാൻ കഴിയുന്ന ഏതെങ്കിലും ഒരു വസ്തുവെങ്കിലും നിർമ്മിക്കണം. ചിന്തേരിട്ട (പ്ലെയിൻ ചെയ്ത) തടികൾ കൊണ്ട് വരാവുന്നതാണ്. എന്നാൽ കട്ടികൾ കൊണ്ടു വരുന്ന തടികഷ്ണങ്ങൾ ആവശ്യത്തിനനുസരിച്ച് മുറിക്കുക, അടയാളപ്പെടുത്തുക, സുഷിരങ്ങൾ ഉണ്ടാക്കുക തുടങ്ങിയ എല്ലാ ജോലികളും മത്സരസ്ഥലത്തുവച്ച് ചെയ്യേണ്ടതാണ്.
6.2.2 ആനിമേഷൻ - നിർദ്ദേശങ്ങൾ	ഐ ടി @ സ്കൂൾ GNU/ലിനക്സ് ഓ.എസ് -ലുള്ള Tupi tube Desk ആനിമേഷൻ സോഫ്റ്റ് വെയർ ആണ് ഇതിനായി ഉപയോഗിക്കുന്നത്	ആനിമേഷൻ വിഭാഗത്തിൽ നിലവിൽ അനുവദിച്ചിട്ടുള്ള ആപ്ലിക്കേഷനു പുറമേ Open Toonz കൂടി ഉപയോഗിക്കാവുന്നതാണ്. ആനിമേഷൻ മത്സരത്തിന്റെ അന്തിമ ഉൽപന്നം MP4 / AVI ഫോർമാറ്റിലേക്ക് എക്സ്പോർട്ട് ചെയ്ത് സേവ് ചെയ്യാൻ മത്സരാർത്ഥികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.
7.1 ഗണിതശാസ്ത്ര മേഖലയിലെ പൊതു നിബന്ധനകൾ	മത്സരത്തിൽ അവതരിപ്പിക്കുന്ന ആശയത്തെക്കുറിച്ച് ഒരു വിവരണകുറിപ്പ് (Writeup) തയ്യാറാക്കി ഇൻവിജിലേറ്ററെ ഏൽപ്പിക്കേണ്ടതാണ് (പരമാവധി 3 പേജ്)	തൽസമയ മത്സരത്തിൽ അവതരിപ്പിക്കുന്ന ആശയത്തെക്കുറിച്ച് ഒരു വിവരണകുറിപ്പ് (Writeup) തയ്യാറാക്കി ഇൻവിജിലേറ്ററെ ഏൽപ്പിക്കേണ്ടതാണ് (പരമാവധി 3 പേജ്). വിവരണകുറിപ്പ് മത്സരസ്ഥലത്ത് വച്ച് തന്നെ തയ്യാറാക്കേണ്ടതാണ്
7.2.1 അപ്ലൈഡ് കൺസ്ട്രക്ഷൻ (Applied Construction)	ഗണിതാശയങ്ങളുടെ പ്രായോഗികതയിലൂന്നി ചാർട്ടിന്റെ വലുപ്പതിലായിരിക്കണം നിർമ്മിതി	ഗണിതാശയങ്ങളും എഞ്ചിനീയറിംഗ് പ്രായോഗികതയും സമന്വയിപ്പിക്കുന്ന നിർമ്മിതിയായിരിക്കണം. ചാർട്ടിന്റെ വലുപ്പതിലായിരിക്കണം നിർമ്മിതി.

Generated from eOffice by Smitha S, A 4 SITTTR, A4 SITTTR, STATE INSTITUTE OF TECHNICAL TEACHERS TRAINING AND RESEARCH on 28/10/2026 03:11 PM